DHS/7074/2022-EH1

/25301/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ** കാര്യാലയം

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി 08-02-2023

## സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2023 -ലെ പൊതുസ്ഥലം മാറ്റ മാനദണ്ഡം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: - 1. സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.

2. സ.ഉ.(ആർ.റ്റി) നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.

3. സർക്കുലർ നം. ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി- 03/02/2023

മേൽ പരാമർശം സർക്കാർ ഉത്തരവ് (1) , (2) എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മേൽ പരാമർശം (3) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു എന്നാൽ സ്പാർക്കിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതായി കാണുന്നു. സ്പാർക്കിൽ ഓൺലൈൻ മുഖാന്തിരം പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട് .

1. പുതുതായി സൃഷ്ടിച്ച തസ്തികകൾ കൃത്യമായി SPARK-ൽ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല കൂടാതെ പെൻനമ്പർ ഇരട്ടിക്കൽ, വിരമിക്കൽ, ഡെപ്യൂട്ടേഷൻ , ദീർഘകാല അവധിയെടുത്തവർ തുടങ്ങി നിലവിൽ സ്ഥാപനത്തിൽ ജോലി ചെയ്യാത്തവരുടെ വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാത്തതിനാൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകളേക്കാൾ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കൂടുതലായി കാണുന്നു.

2. സ്പെഷ്യാലിറ്റി കേഡറിൽ ജോലി ചെയ്യുന്ന മെഡിക്കൽ ഓഫീസർമാരെ അതാതു വിഭാഗത്തിൽ ഉൾപ്പെടുത്താതെ ഉദാ: കൺസൽട്ടൻറ് (ജനറൽ മെഡിസിൻ) എന്നതിനുപകരം "കൺസൾട്ടന്റ് " എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ള കേഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ അതാത് സ്പെഷ്യാലിറ്റി കേഡറുകളിൽ മെഡിക്കൽ ഓഫീസർമാരെ കൃത്യമായി ഉൾപ്പെടുത്തണം.

3. "സ്റ്റാഫ് നേഴ്സ്" തസ്തികയുടെ പേര് "നേഴ്സിംഗ് ഓഫീസർ" എന്നാക്കിയിട്ടുണ്ടെങ്കിലും സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് മുൻപ് തന്നെ ചില സ്ഥാപനങ്ങളിൽ കേഡർ മാറ്റം വരുത്തിയിരിക്കുന്നതായി കാണുന്നു. അത്തരം ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സം ഉണ്ടാകും ആയതിനാൽ സ്റ്റാഫ് നേഴ്സ് വിഭാഗത്തിലെ പഴയ കേഡർ മാറ്റം വരുത്തുയിട്ടുള്ള സ്ഥാപനങ്ങൾ ആയത് തിരുത്തേണ്ടതാണ് .

മേൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ മാത്രമേ സ്പാർക്കിൽ ഓൺലൈൻ മുഖാന്തിരം പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ എല്ലാ സ്ഥാപന മേധാവികളും 2 ദിവസത്തിനുള്ളിൽ ടി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുന്നു എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ജില്ലകളിലെ എല്ലാ സ്ഥാപനങ്ങളും മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് സ്പാർക്ക് അപ്ഡേഷൻ നടത്തിയിട്ടുണ്ട് ഉറപ്പ് വരുത്തേണ്ടതാണ് .

SAO DHS

Senior Administrative Officer.

സ്വീകർത്താവ് :-എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും

പകർപ്പ് :-

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

igned by
obha V
ate: 08.02.2023 13:58:26